LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളെക്കുറിച്ച് സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക സർവ്വെ

*15 [427] ശ്രീ. വി. ജെ. പൗലോസ് :
,, കെ. ബാബു :
,, പി. ജെ. ജോയി :
,, കെ. സി. ജോസഫ് :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക സർവ്വെ എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിലെന്ന്;

(ബി) സംസ്ഥാനത്തുണ്ടായ മാറ്റങ്ങളുടെ വെളിച്ചത്തിൽ അവരെ സംബന്ധിക്കുന്ന ഒരു പുതിയ സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക സർവെ നടത്താനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ഉണ്ട്. 2004 നവംബർ-ഡിസംബർ മാസങ്ങളിൽ.

(ബി) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംബന്ധിക്കുന്ന ഒരു സമഗ്ര സെൻസസ് 2005-06-ൽ നടത്തുന്നതിന് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. സെൻസസിന്റെ പ്രാരംഭജോലികൾ ഉടൻ ആരംഭിക്കുന്നതാണ്.

ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ

*16 [428] ശ്രീ. ടി. കെ. ദേവകുമാർ :
,, ടി. കെ. ബാലൻ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പുതുതായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി സർക്കാർ അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പുതിയ പദ്ധതികൾ ഏതൊക്കെയാണ്?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) സ്റ്റേറ്റ്ലൈഫ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നിവ എയ്ഡഡ് സ്കൂൾ, കോളേജ്, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കു കൂടി വ്യാപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് പുതുതായി ഏറ്റെടുത്തത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) സംസ്ഥാന സർക്കാരിന്റെ അഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. മംഗല്യ ഇൻഷ്വറൻസ് പദ്ധതി

2. ഗവൺമെന്റ് ജീവനക്കാർക്കായുള്ള പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ വില

*17 [429] ശ്രീ. കെ. എ. ചന്ദ്രൻ :
,, ടി. വി. ചന്ദ്രമോഹൻ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീമതി. മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ വില ഇപ്പോൾ വർദ്ധിപ്പിക്കുവാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ—സി) 1994—1999 കാലയളവിൽ വെള്ളക്കര വർദ്ധനവ് അനുവദിക്കാത്തതു കാരണവും, 1999-ൽ നിലവിൽ വന്ന വർദ്ധനവിൽ നിന്നുള്ള വരുമാനം ഉൽപാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവായതിനാലും കൂടിവരുന്ന ഉല്പാദനച്ചെലവും വർദ്ധിച്ചുവരുന്ന പ്രതിവർഷ റവന്യൂ കമ്മിയും കണക്കിലെടുത്ത് വെള്ളക്കരം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ കേരള വാട്ടർ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly